പതിന്നാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം 2950 18/06/2018 ൽ മറുപടിക്ക്

## വില്ലേജുകളിലെ സർവ്വേ നമ്പരുകൾ പരസ്പരം മാറിയ സംഭവം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഡി.കെ. മുരളി | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) വാമനപുരം നിയോജക മണ്ഡലത്തിലെ കല്ലറ വില്ലേജിന്റെ പരിധിയിൽ വരേണ്ട സർവ്വേ നമ്പരിൽപ്പെട്ട ഭൂമി പുല്ലമ്പാറ വില്ലേജിന്റെ പരിധിയിലും തിരിച്ചും ഉൾപ്പെട്ടിരിയ്ക്കുന്നതായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരങ്ങൾ നൽകാമോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കല്ലറ ഗ്രാമപഞ്ചായത്തിൽ ഉൾപ്പെട്ട മുൻ സർവ്വെ നം.1436 മുതൽ 1457 വരെയും 1464 മുതൽ 1468 വരെയും 1842 മുതൽ 1880 വരെയും ഉള്ള ഭാഗങ്ങൾ പുല്ലമ്പാറ വില്ലേജ് ബ്ലോക്ക് നം.21 ൽ ഉൾപ്പെടുത്തിയാണ് റീസർവ്വെ റിക്കാർഡുകൾ തയ്യാറാക്കി റവന്യൂ ഭരണത്തിന് കൈമാറിയിട്ടുള്ളത്. |
| (ബി) പ്രസ്തുത പ്രശ്നം പരിഹരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദവിവരങ്ങൾ നൽകാമോ? | (ബി) നെടുമങ്ങാട് താലൂക്ക് വികസന സമിതിയുടെ ആവശ്യപ്രകാരം വില്ലേജ് റിക്കാർഡുകൾ മാറ്റം വരുത്തുന്നതിന് ആവശ്യമായ രേഖകൾ തയ്യാറാക്കി തിരുവനന്തപുരം ജില്ലാ കളക്ടർ മുഖാന്തിരം തിരുവനന്തപുരം സർവ്വെ ജോയിന്റ് ഡയറക്ടർ നടപടി സ്വീകരിച്ചുവരുന്നു. കല്ലറ- കുറുപുഴ വില്ലേജുകളിലെ റീസർവ്വെ അപാകത പരിഹരിക്കുന്നതിനായി നെടുമങ്ങാട് റീസർവ്വെ സൂപ്രണ്ട് ഓഫീസിൽ പ്രത്യേക ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. താമസംവിനാ ഈ പ്രശ്നം പരിഹരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ